# STATE COUNCIL OF EDUCATIONAL RESEARCH AND TRAINING

SCERT Kerala

Vidyabhavan, Poojappura, Thiruvananthapuram - 695 012
Phone: 0471 - 2341883, 2340323, fax: 0471-2341869
E-mail: scertkerala@gmail.com
web: www.scert.kerala.gov.in

SCERT


26.04.2013

**പ്രസിദ്ധീകരണത്തിന്**

## ന്യൂമാറ്റ്സ് – പരിശീലനക്യാമ്പ് എൻ.സി.ഇ.ആർ.ടി ഡയറക്ടർ പ്രൊഫ. പർവീൺ സൻക്ലയർ ഉദ്ഘാടനം ചെയ്യുന്നു

സംസ്ഥാനത്തെ സ്കൂൾ വിദ്യാർത്ഥികളിൽ ഗണിത അഭിരുചിയുള്ളവരെ കണ്ടെത്തി പ്രത്യേക പരിശീലനം നൽകി ഭാവി ഗണിതപ്രതിഭകളാക്കി മാറ്റാൻ ലക്ഷ്യമിടുന്ന വിദ്യാഭ്യാസ വകുപ്പിന്റെയും എസ്.സി.ഇ.ആർ.ടി യുടെയും നൂതന പദ്ധതിയായ ന്യൂമാറ്റ്സിന്റെ പരിശീലനക്യാമ്പ് ഏപ്രിൽ 29 മുതൽ മേയ് 8 വരെ തിരുവനന്തപുരം ആർ.റ്റി.റ്റി.സിയിൽ വച്ച് നടക്കുന്നു. എൻ.സി.ഇ.ആർ.ടി ഡയറക്ടറും പ്രശസ്ത ഗണിത വിദഗ്ധയുമായ പ്രൊഫ. പർവീൺ സിൻക്ലയറാണ് പദ്ധതിയുടെ ഉത്ഘാടനം നിർവഹിക്കുന്നത്. സ്കൂൾ, സബ്ജില്ല, സംസ്ഥാനതലങ്ങളിൽ നടത്തിയ അഭിരുചി പരീക്ഷയിൽ മികച്ചവിജയം കൈവരിച്ച 73 വിദ്യാർത്ഥികളെയാണ് ഈ വർഷത്തെ ഗണിതപ്രതിഭകളായി കണ്ടെത്തിയത്. ആറാംക്ലാസ് വിദ്യാർത്ഥികളായ ഇവർക്ക് അഞ്ച് വർഷം തുടർച്ചയായി എസ്.സി.ഇ.ആർ.ടിയുടെ നേതൃത്വത്തിൽ ക്യാമ്പുകൾ സംഘടിപ്പിക്കും. വിദഗ്ധരുമായുള്ള സംവാദങ്ങൾ, മികച്ച അധ്യാപകരുടെ ക്ലാസുകൾ, പഠനയാത്രകൾ, സർഗസായാഹ്നം എന്നിവയും ക്യാമ്പിന്റെ ഭാഗമായി സംഘടിപ്പിക്കുന്നതാണ്.

ഈ വർഷത്തെ ക്യാമ്പിൽ പങ്കെടുക്കുന്ന പ്രമുഖരിൽ എസ്.സി.ഇ.ആർ.ടി ഡയറക്ടർ പ്രൊഫ.കെ.എ. ഹാഷിം, സയൻസ് ആന്റ് ടെക്നോളജി മ്യൂസിയം ഡയറക്ടർ അരുൺ ജറാൾഡ് പ്രകാശ്, പ്രൊഫ. സന്താനം രാമചന്ദ്രൻ, എ.എം. ടി.ഐ ചെന്നൈ, പ്രൊഫ. എ.വിജയകുമാർ, കൊച്ചിൻ യൂണിവേഴ്സിറ്റി, പ്രൊഫ. പി.ടി രാമചന്ദ്രൻ, കാലിക്കറ്റ് സർവ്വകലാശാല, പ്രൊഫ. ശരത്ചന്ദ്രൻ, പ്രൊഫ.ഇ. കൃഷ്ണൻ, പ്രൊഫ. എ.ആർ.രാജൻ, പ്രൊഫ. രാധാകൃഷ്ണചെട്ടിയാർ എന്നിവർ ഉൾപ്പെടുന്നു.

**ഡയറക്ടർ, എസ്.സി.ഇ.ആർ.ടി**